(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തലസ്ഥാന വികസന സമിതിയുടെ രൂപീകരണം

1 [763] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസനത്തിന് മുഖ്യമന്ത്രി ചെയർമാനായി ഒരു സമിതിയും പൊതുമരാമത്ത് വകുപ്പ് മന്ത്രി ചെയർമാനായി ഉപ സമിതിയും, ചീഫ് സെക്രട്ടറി ചെയർമാനായി സെക്രട്ടറിതല സമിതിയും നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ സമിതികളുടെ രൂപീകരണ പ്രകാരം തലസ്ഥാന വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം-എയിൽ കൊടുത്തിരിക്കുന്നു. †

ബഹുദൂരം അതിവേഗം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ

2 [764] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ബഹുദൂരം അതിവേഗം പദ്ധതിയിൽ മഞ്ചേരി മണ്ഡലത്തിലെ ഏതെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) അതിവേഗം, ബഹുദൂരം പദ്ധതിയിൽ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയ പദ്ധതികളല്ല ഏറ്റെടുത്തിട്ടുള്ളത്. വകുപ്പുകളുടെ പദ്ധതികളാണ് പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

† അനുബന്ധം–IV കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[12-7-2005-ലെ ചോദ്യം നമ്പർ 1 (763)-ന്റെ ഉത്തരം ദയവായി കാണുക]

തലസ്ഥാന വികസനത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. വിഴിഞ്ഞം തുറമുഖ വികസന പദ്ധതി
2. തമ്പാനൂർ-ഈഞ്ചക്കൽ ബസ്സ് സ്റ്റാന്റിന്റെ വികസന പദ്ധതി
3. തിരുവനന്തപുരം ടാഗോർ കൾച്ചറൽ സെന്റർ പുനർനിർമ്മാണം
4. തിരുവനന്തപുരം മൃഗശാലയിൽ വാക്ക്-ഇൻ-ഏവിയറി നിർമ്മാണം
5. തിരുവനന്തപുരം നഗരത്തിൽ ആധുനിക വഴിവിളക്ക് സ്ഥാപിക്കൽ
6. ചെരമാലിന്യ സംസ്കരണ പദ്ധതി
7. ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ നിർമ്മാണ പദ്ധതി
8. കോവളം വികസന പദ്ധതി
9. വേളി ആക്കുളം തടാകം ശുചീകരിക്കാൻ പദ്ധതി
10. പാർവ്വതി പുത്തനാർ റോഡ് ശുചീകരിക്കൽ പദ്ധതി
11. ശംഖുമുഖം ബീച്ച് വികസനം
12. പുത്തരിക്കണ്ടം മൈതാന വികസന പദ്ധതി
13. വെള്ളയമ്പലം-ആൽത്തറ റോഡ് വികസന പദ്ധതി
14. പാങ്ങോട് ആധുനിക രീതിയിലുള്ള ഒരു മത്സ്യ ചന്ത നിർമ്മാണ പദ്ധതി
15. തിരുവനന്തപുരത്ത് കുടിവെള്ളം കിട്ടാത്ത സ്ഥലത്ത് കുടിവെള്ളം എത്തിക്കാനുള്ള പദ്ധതി
16. തമ്പാനൂർ-പഴവങ്ങാടി പ്രദേശത്ത് വെള്ളപ്പൊക്ക നിവാരണ പദ്ധതി
17. കരമന-കിള്ളി നദികളും ഉള്ളൂർ തോടും വെള്ളപ്പൊക്ക നിവാരണ പ്രവർത്തനവും സൗന്ദര്യവൽക്കരണവും
18. നഗരത്തിലെ റോഡ് വികസന പ്രവർത്തനം

അനുബന്ധം V

[12-7-2005-ലെ ചോദ്യം നമ്പർ 58 (832)ന്റെ ഉത്തരം ദയവായി കാണുക]

This Agreement is executed on this the twenty ninth day of May One thousand nine hundred and seventy BETWEEN the Governor of Kerala, (hereinafter referred to as "the Government of Kerala" which expression shall, where the context so admits include his successors in office and assigns) of the one part and the Governor of Tamil Nadu (hereinafter referred to as "the Government of Tamil Nadu" which expression shall, where the context so admits, include this successors in office and assigns) of the other part.

LIBRARY ARCHIVES Kerala Legislative Assembly